# നീന്തൽഗ്രാമത്തിന് അഭിമാനം

**ജി വി രാജ പുരസ്കാര നേട്ടത്തിൽ പി എസ് വിനോദ്**



കഴിഞ്ഞ വർഷം ഗുജറാത്തിൽ നടന്ന നാഷണൽ ഗെയിംസിൽ പങ്കെടുത്ത വാട്ടർപോളോ കേരള വനിതാ ടീമിനൊപ്പം പരിശീലകൻ പി എസ് വിനോദ് ( നിൽക്കുന്നവരിൽ മധ്യത്തിൽ നീല ടീഷർട്ട് )

ഗിരീഷ് എസ് വെഞ്ഞാറമൂട്

**വെഞ്ഞാറമൂട്**

പിരപ്പൻകോട് നീന്തൽ ഗ്രാമത്തിന് ഇത് അഭിമാനനിമിഷം. നീന്തൽ മത്സരങ്ങളിൽ നിരവധി സ്വർണ നേട്ടങ്ങളും റെക്കോഡുകളും നേടി കായിക ഭൂപടത്തിൽ ഇടംനേടിയ ഈ കൊച്ചുഗ്രാമത്തിന് ഇക്കുറി അഭിമാനമായത് ഒരു പരിശീലകനാണ്, സംസ്ഥാന സർക്കാരിന്റെ മികച്ച പരിശീലകനുള്ള ജി വി രാജ പുരസ്കാരം നേടിയ പി എസ് വിനോദ്.

അർപ്പണബോധത്തോടെ കഠിന പരിശ്രമം നടത്തുകയും മികച്ച നീന്തൽ താരങ്ങളെ വാർത്തെടുക്കുകയും ചെയ്യുന്നതിൽ എപ്പോഴും പരിശ്രമിക്കുന്ന ഇദ്ദേഹം നീന്തൽ താരങ്ങൾക്ക് പ്രിയപ്പെട്ട പരിശീലകനാണ്. പിരപ്പൻകോട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രക്കുളത്തിൽ ഡോൾഫിൻ ക്ലബിൽനിന്നും നീന്തലിന്റെ ബാലപാഠങ്ങൾ പഠിച്ച വിനോദിന്റെ ജീവിതം മാറ്റിമറിച്ചതും നീന്തലാണ്.

നിരവധി ദേശീയ സംസ്ഥാന മത്സരങ്ങളിലും വാട്ടർ പോളോയിലും മികവ് തെളിയിച്ച അദ്ദേഹം മണിപ്പൂർ നാഷണൽ ഗെയിംസിൽ സ്വർണം നേടിയ കേരള ടീം അംഗമായിരുന്നു. കേരള സർവകലാശാല ക്യാപ്റ്റൻ, ജൂനിയർ–സീനിയർ സംസ്ഥാന മത്സരത്തിൽ മെഡൽ നേടിയ ടീം അംഗം എന്ന നിലകളിലും മികവു തെളിയിച്ചു. 2003ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് കോച്ചിങ് ഡിപ്ലോമ എടുത്തു. 2012 ൽ സ്പോർട്സ് കൗൺസിൽ പരിശീലകനായി. 2012 മുതൽ കേരളം പങ്കെടുത്ത് മെഡൽ നേടിയ വാട്ടർ പോളോ ടീമുകളുടെ പരിശീലകനായി. 2019 ൽ സിംഗപ്പൂരിൽ നടന്ന ചലഞ്ചേഴ്സ് കപ്പിൽ വാട്ടർ പോളോയിൽ ഇന്ത്യൻ ടീമിന്റെ പരിശീലകനായിരുന്നു. കേരള ജൂനിയർ പെൺകുട്ടികളുടെ വാട്ടർ പോളോ ടീമിനെ 3 തവണ ദേശീയ തലത്തിൽ സ്വർണ മെഡൽ ജേതാവാക്കിയതും വിനോദിന്റെ പരിശീലനത്തിൽ ആയിരുന്നു.

നിലവിൽ സ്പോർട്സ് കൗൺസിൽ അസിസ്റ്റന്റ് ഓഫീസറാണ്. ഭാര്യ: സന്ധ്യ. മക്കൾ: ദേവദത്ത്, ദേവദർശ് എന്നിവരാണ് മക്കൾ.

■ നീരുറവ് പദ്ധതിയുടെ ഡിപിആർ പ്രകാശിപ്പിച്ചു

# നീർച്ചാൽ പുനരുജ്ജീവനത്തിന് തുടക്കമായി

**വെഞ്ഞാറമൂട്**

നീരുറവ് പദ്ധതിയുടെ പദ്ധതിരേഖാ പ്രകാശനത്തിന്റെയും നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങളുടെയും സംസ്ഥാന ഉദ്ഘാടനം പിരപ്പൻകോട് നടന്നു. മന്ത്രി എം ബി രാജേഷ് ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു.

നവകേരളം കർമ പദ്ധതിയുടെ ഭാഗമായി ഹരിത കേരള മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്ന സമഗ്ര നീർത്തടാധിഷ്ഠിത വികസന പദ്ധതിയാണിത്.

മന്ത്രി ജി ആർ അനിൽ അധ്യക്ഷനായി. നവകേരളം സംസ്ഥാന കോ–ഓർഡിനേറ്റർ ടി എൻ സീമ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കുതിരകുളം ജയന് നീരുറവ് ഡിപിആർ നൽകി പ്രകാശിപ്പിച്ചു.

യോഗത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ ഡയറക്ടർ ജാഫർ മലിക്, തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി കോമളം, കെ ഷീലാകുമാരി, എസ് ലേഖകുമാരി, കെ സുരേഷ്കുമാർ, ആർ സഹീത്ത് ബീവി, അനിൽകുമാർ, കെ സജീവ്, ടി നന്ദു, ജി എൻ ഹരികുമാർ തുടങ്ങിയവർ പങ്കെടുത്തു.



നീരുറവ് പദ്ധതിയുടെ ഡിപിആർ നവകേരളം സംസ്ഥാന കോ- ഓർഡിനേറ്റർ ടി എൻ സീമ പഞ്ചായത്ത് പ്രസിഡന്റ് കുതിരകുളം ജയന് നൽകി പ്രകാശിപ്പിക്കുന്നു



ബ്രിജ് ഭൂഷന്റെ അറസ്റ്റ് ആവശ്യപ്പെട്ട് വർക്കിങ് വിമെൻസ് കോ ഓർഡിനേഷൻ കമ്മിറ്റി രാജ്ഭവനിലേക്കു നടത്തിയ മാർച്ച് സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

# രാജാജി നഗർ ഫ്ലാറ്റ് നിർമാണം പുനരാരംഭിക്കും: മുഖ്യമന്ത്രി

**മാനവീയം റോഡും കലാഭവൻ മണി റോഡും ഉടൻ പൂർത്തിയാക്കും**

**തിരുവനന്തപുരം**

രാജാജി നഗറിലെ താമസക്കാർക്കുള്ള ഫ്ലാറ്റ് സമുച്ചയ നിർമാണം പുനരാരംഭിക്കാൻ നിർദേശം നൽകി മുഖ്യമന്ത്രി. താമസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനാണ് ഫ്ലാറ്റ് നിർമിക്കാൻ തീരുമാനിച്ചിരുന്നത്. കോർപറേഷന്റെ കീഴിലുള്ള പദ്ധതിക്ക് 61.42 കോടിയാണ് നിശ്ചയിച്ചിട്ടുള്ളത്. പാളയം കണ്ണിമാറ മാർക്കറ്റ് നവീകരണ ഭാഗമായ നിർമാണ പ്രവർത്തനങ്ങൾ സെപ്റ്റംബറിൽ ആരംഭിക്കാനും തീരുമാനിച്ചു.

മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന കോർപറേഷൻ, സ്മാർട്ട്സിറ്റി ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിന്റേതാണ് തീരുമാനം. സംസ്ഥാനത്തെ വിവിധ വികസന പദ്ധതികളും അതിന്റെ പ്രവർത്തനങ്ങളും ചർച്ച ചെയ്തു.

കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത 13 റോഡിൽ മാനവീയം വീഥി, കലാഭവൻ റോഡ് എന്നിവയുടെ നവീകരണം ഉടൻ പൂർത്തിയാക്കുമെന്ന് ഉദ്യോഗസ്ഥർ മുഖ്യമന്ത്രിയെ അറിയിച്ചു. 64 റോഡാണ് ബോർഡിന്റെ നേതൃത്വത്തിൽ സ്മാർട്ടാക്കുന്നത്. കൂടാതെ സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് ടെൻഡർ എടുത്ത 16 റോഡിലെ വൈദ്യുതി, ഫോൺ കേബിളുകൾ എന്നിവ മണ്ണിനടിയിലൂടെയാലാക്കുന്ന പ്രവർത്തനം നടന്നുവരികയാണ്. ഇത് പൂർത്തിയായാലുടൻ ടാറിങ് ആരംഭിക്കും.

## ബ്രിജ് ഭൂഷണെതിരെ സ്ത്രീപീഡനക്കുറ്റം ചുമത്തണം

**തിരുവനന്തപുരം**

ഗുസ്തി താരങ്ങളെ പീഡിപ്പിച്ച ദേശീയ ഗുസ്തി ഫെഡറേഷൻ പ്രസിഡന്റ് ബ്രിജ് ഭൂഷൺ ശരൺ സിംഗ് എംപിയെ സ്ത്രീപീഡന കുറ്റംചുമത്തി അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് വർക്കിങ് വിമെൻ കോ–ഓർഡിനേഷൻ ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ രാജ്ഭവൻ മാർച്ചും ധർണയും നടത്തി. സ്ത്രീ പീഡനക്കാരെ സംരക്ഷിക്കുന്ന കേന്ദ്ര സർക്കാരിന്റെ നിലപാട് തിരുത്തണമെന്നും പ്രവർത്തകർ ആവശ്യപ്പെട്ടു.

യോഗം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കൺവീനർ പി എസ് സുമ അധ്യക്ഷയായി. സിഐടിയു സംസ്ഥാന വൈ സ് പ്രസിഡന്റ് എസ് പുഷ്പലത, ജനാധിപത്യ മഹിളാ അസോസിയേഷൻ ജില്ലാ സെക്രട്ടറി ശ്രീജാ ഷൈജുദേവ്, വർക്കിംഗ് വിമൻ കോ–ഓർഡിനേഷൻ സംസ്ഥാന കൺവീനർ സുനിത കുര്യൻ, മണിമഞ്ജുഷ എന്നിവർ സംസാരിച്ചു.

## കാട്ടാക്കട താലൂക്ക് അദാലത്ത് ഇന്ന്

**തിരുവനന്തപുരം**

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ‘കരുതലും കൈത്താങ്ങും’ കാട്ടാക്കട താലൂക്കുതല അദാലത്ത് വ്യാഴാഴ്ച കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ നടക്കും. രാവിലെ പത്തിന് മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യും. ജി സ്റ്റീഫൻ എംഎൽഎ അധ്യക്ഷനാകും. മന്ത്രിമാരായ വി ശിവൻകുട്ടി, ആന്റണി രാജു എന്നിവരും അദാലത്തിൽ പങ്കെടുത്ത് പരാതികൾ പരിഹരിക്കും. ചിറയിൻകീഴിൽ അദാലത്ത്16ന് നടക്കും.

# കാർഷിക കോളേജിൽ ജൈവവള പരിശോധനാ ലാബ് തുറന്നു



വെള്ളായണി കാർഷിക കോളേജ് മണ്ണ് ശാസ്ത്ര വിഭാഗത്തിൽ സ്ഥാപിച്ച ജൈവവള ഗുണനിലവാര പരിശോധനാ റഫറൽ ലബോറട്ടറി മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു

സ്വന്തം ലേഖകൻ

**കോവളം**

വെള്ളായണി കാർഷിക കോളേജ് മണ്ണ് ശാസ്ത്ര വിഭാഗത്തിൽ സ്ഥാപിച്ച ജൈവവള ഗുണനിലവാര പരിശോധനാ റഫറൽ ലബോറട്ടറി മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്തു.

കോളേജിലെ തേൻ ഗുണനിലവാര പരിശോധന കേന്ദ്രം, സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി സെന്റർ എന്നിവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

79 കോടി രൂപ ചെലവഴിച്ചാണ് ലാബ് സജ്ജീകരിച്ചത്.

കാർഷിക കോളേജിലെ അവസാനവർഷ ബിരുദ വിദ്യാർഥികളുടെ പ്രവൃത്തിപരിചയ പഠനഭാഗമായി വളർത്തിയെടുത്ത വ്യത്യസ്തതരം പച്ചക്കറികളായ കെയിൽ, ചെറി തക്കാളി, ബട്ടർ നട്ട് സ്ക്വാഷ്, കന്റോല, വള്ളിച്ചീര തുടങ്ങിയവയുടെ പ്രദർശനവും സംഘടിപ്പിച്ചു.

കല്ലിയൂർ പഞ്ചായത്ത് പ്രസിഡന്റ് കെ കെ ചന്തുകൃഷ്ണ അധ്യക്ഷനായി.

കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ബി അശോക്, കെ എസ് അഞ്ജു, ഭഗത് റൂഫസ്, കെ വസുന്ധരൻ, എസ് ശ്രീജിൻ, ബീന ല ക്ഷ്മൺ, ഡോ. റോയ് സ്റ്റീഫൻ, ഡോ. തോമസ് ജോർജ്, നവനീത് വേണുഗോപാൽ, ഡോ. അനിത് കെ എൻ, ഡോ. ബി റാണി എന്നിവർ സംസാരിച്ചു.

# 7 വിഭാഗത്തിൽക്കൂടി ഗ്രേസ് മാർക്ക്

സ്വന്തം ലേഖകൻ

**തിരുവനന്തപുരം**

ദേശീയ തലത്തിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് ഉൾപ്പെടെ ഏഴ് വിഭാഗത്തിൽക്കൂടി ഗ്രേസ് മാർക്ക് അനുവദിച്ചു. മന്ത്രി വി ശിവൻകുട്ടിയുടെ നിർദേശത്തെ തുടർന്ന് പൊതുവിദ്യാഭ്യാസ വകുപ്പിന്റേതാണ് ഉത്തരവ്.

ദേശീയതല മത്സരങ്ങളിലെ പങ്കാളിത്തത്തിന് 22 മാർക്കും അന്തർദേശീയ മത്സരങ്ങളിലെ വിജയികൾക്ക് 30 മാർക്കുമാണ് അനുവദിച്ചത്. അന്തർ ദേശീയ തലത്തിൽ പങ്കെടുക്കുന്നവർക്ക് അനുവദിച്ചിരുന്ന 30 മാർക്ക് 28 ആയി ഭേദഗതി ചെയ്തു. ഏപ്രിൽ 20ന് ഗ്രേസ് മാർക്ക് പുനക്രമീകരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കിയിരുന്നു. എസ്എസ്എൽസി, പ്ലസ്ടു പൊതുപരീക്ഷകൾക്കാണ് ഗ്രേസ്മാർക്ക് ബാധകം.

മറ്റ് വിഭാഗങ്ങളിലെ ഗ്രേസ് മാർക്ക് നില

- ടാലന്റ് സെർച്ച് ശാസ്ത്രം
  എ ഗ്രേഡിന് 20, ബി– 15, സി– 10, ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ യഥാക്രമം 20, 17, 14.
- ടാലന്റ് സെർച്ച് ഗണിതം
  എ ഗ്രേഡിന് 20, ബി– 15, സി –10, ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ യഥാക്രമം 20, 17, 14.
- ഭാസ്കരാചാര്യ സെമിനാർ
  ഒന്നാം സ്ഥാനം 20, രണ്ട് – 17, മൂന്ന്– 14.
- സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്
  എ ഗ്രേഡ് 20, ബി– 15, സി– 10.
- ദേശീയ ബാലശാസ്ത്ര കോൺഗ്രസ് (ദേശീയതലത്തിൽ പങ്കെടുത്തവർക്ക്) 25

## സുഹൃത്തുക്കളോടൊപ്പം വിനോദയാത്രയ്ക്ക് പോയ യുവാവിനെ കാണാനില്ല

**നേമം**

സുഹൃത്തുക്കളോടൊപ്പം വിനോദയാത്രയ്ക്ക് പോയ സംഘത്തിലെ യുവാവിനെ കാണാനില്ലെന്ന് ഭാര്യയുടെ പരാതി. ബാലരാമപുരം പനയറക്കുന്ന് ഇടുവ കിരൺ ഭവനിൽ വാടകയ്ക്ക് താമസിക്കുന്ന ശ്യാംലാലി (25) നെ കാണാനില്ലെന്നാണ് പരാതി. കഴിഞ്ഞ ഏഴിനാണ് ശ്യാംലാൽ സുഹൃത്തുക്കളോടൊപ്പം വിനോദയാത്രയ്ക്ക് പോയത്. മറ്റുള്ളവരെത്തി മൂന്ന് ദിവസമായിട്ടും ശ്യാംലാൽ തിരിച്ചെത്തിയില്ല.

വിനോദയാത്രയ്ക്കിടെ തൃപ്പരപ്പിൽനിന്ന് ശ്യാംലാലും രണ്ട് സുഹൃത്തുക്കളുമായി അടിപിടിയുണ്ടായതായി ഭാര്യ ബാലരാമപുരം പൊലീസിൽ നൽകിയ പരാതിയിൽ പറയുന്നു. പൊലീസ് കേസെടുത്ത് രണ്ട് സുഹൃത്തുക്കളുടെ മൊഴിയെടുത്ത് വിട്ടയച്ചു. മൊബൈൽ ലൊക്കേഷൻ പരിശോധിക്കുന്നതായി പൊലീസ് അറിയിച്ചു.

# പാഴ്സൽ തൊഴിലാളികളുടെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കണം

**തിരുവനന്തപുരം**



ഓൾ ഇന്ത്യ പാഴ്സൽ സർവീസ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന പ്രവർത്തക യോഗം സിഐടിയു സംസ്ഥാന സെക്രട്ടറി സി കെ ഹരികൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

ചരക്ക് ഗതാഗതമേഖലയിലെ പാഴ്സൽ സർവീസ് രംഗത്ത് ജോലി ചെയ്യുന്നവരുടെ തൊഴിൽസുരക്ഷ ഉറപ്പാക്കണമെന്ന് കേരള പാഴ്സൽ സർവീസ് എംപ്ലോയീസ് യൂണിയൻ (സിഐടിയു) സംസ്ഥാന പ്രവർത്തകയോഗം ആവശ്യപ്പെട്ടു. സിഐടിയു സംസ്ഥാന സെക്രട്ടറി സി കെ ഹരികൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

ഷെല്ലി പി ഫ്രാൻസിസ് അധ്യക്ഷനായി. യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ എ അലി അക്ബർ, ബിന്ദു വർഗീസ്, എം ഷാജഹാൻ, ജെ ജെർളി, എച്ച് ഫൈസൽ എന്നിവർ സംസാരിച്ചു.



സിഐഒ അസോസിയേഷൻ ഓഫ് ഇന്ത്യ കേരള ചാപ്റ്ററുമായി കേരള പൊലീസ് സൈബർഡോം ധാരണപത്രം ഒപ്പുവച്ചപ്പോൾ

■ സൈബർ ലോകം സുരക്ഷിതമാക്കും

# സൈബർഡോം- സിഐഒ ക്ലബ് ധാരണപത്രം ഒപ്പുവച്ചു

**തിരുവനന്തപുരം**

സൈബർ ലോകം സാധാരണക്കാർക്ക് സുരക്ഷിത ഇടമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സിഐഒ അസോസിയേഷൻ ഓഫ് ഇന്ത്യ കേരള ചാപ്റ്ററുമായി (സിഐഒ ക്ലബ്) കേരള പൊലീസ് സൈബർഡോം ധാരണപത്രം ഒപ്പുവച്ചു.

ഡ്രോൺ നിരീക്ഷണ സംവിധാനങ്ങൾ, കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ (സിസിഎസ്ഇ), ഡാർക്ക് വെബ് മോണിറ്ററിങ്, ക്രിപ്റ്റോ കുറ്റകൃത്യങ്ങൾ തടയുക, റോബോട്ടിക്സ് മെറ്റാവേർസ് തുടങ്ങിയ സാങ്കേതികവിദ്യകൾ എന്നിവയിൽ സൈബർഡോമുമായി സിഐഒ ക്ലബ് സഹകരിക്കും.

കേരള പൊലീസ് ഇന്റലിജൻസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സൈബർഡോം നോഡൽ ഓഫീസർ ഐജി പി പ്രകാശ്, സിഐഒ ക്ലബ് കേരള ചാപ്റ്റർ പ്രസിഡന്റ് (ഗ്ലോബൽ ഐടി ഹെഡ്, സൺടെക് ഗ്രൂപ്പ്) ശ്രീകുമാർ ബാലചന്ദ്രൻ എന്നിവർ ധാരണ പത്രത്തിൽ ഒപ്പുവച്ചു. ജിയോജിത് ഫിനാൻഷ്യൽ സർവീസസ് ഡയറക്ടർ എ ബാലകൃഷ്ണൻ, സ്പെരിഡിയൻ ടെക്നോളജീസ് ഡയറക്ടർ സുഗീഷ്, ജോർജ് കുര്യൻ, സൈബർ ഇന്റലിജൻസിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.

# എം കൃഷ്ണൻ നായർ സ്മരണയിൽ ഡോക്യുമെന്ററി പ്രദർശനം

**തിരുവനന്തപുരം**

ചലച്ചിത്ര അക്കാദമി നിർമിച്ച് കെ ജയകുമാർ സംവിധാനം ചെയ്ത ‘എം കൃഷ്ണൻ നായർ എ ലൈഫ് ഇൻ ബ്ലാക്ക് ആൻഡ് വൈറ്റ്’ ഡോക്യുമെന്ററിയുടെ പ്രദർശനോദ്ഘാടനം ഗാനരചയിതാവ് ശ്രീകുമാരൻ തമ്പി നിർവഹിച്ചു. ജയകുമാർ കൃഷ്ണൻനായരെക്കുറിച്ച് എഴുതിയ ‘കൃഷ്ണപക്ഷം’ പുസ്തകത്തിന്റെ മൂന്നാമത്തെ പതിപ്പ് നടി മേനകയ്ക്ക് നൽകി ശ്രീകുമാരൻ തമ്പി പ്രകാശിപ്പിച്ചു.

ജോർജ് ഓണക്കൂർ മുഖ്യപ്രഭാഷണം നടത്തി. ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ പ്രേംകുമാർ അധ്യക്ഷനായി. സംവിധായകൻ മോഹൻ, സി അജോയ്, രവി മേനോൻ എന്നിവർ സംസാരിച്ചു.

ചടങ്ങിനെത്തിയ സംവിധായകൻ മോഹന് ദേഹാസ്വാസ്ഥ്യമുണ്ടായി. തുടർന്ന് സ്വകാര്യ ആശുപത്രിയിലേക്ക് എത്തിച്ച് പ്രാഥമിക ചികിത്സ നൽകി.



എ ലൈഫ് ഇൻ ബ്ലാക് ആൻഡ് വൈറ്റ് എന്ന ഡോക്യുമെന്ററിയുടെ പ്രദർശനവേദിയിൽ എം കൃഷ്ണൻ നായരോടൊപ്പം നിരവധി ചിത്രങ്ങളിൽ സഹ സംവിധായകനായിരുന്ന കെ രഘുനാഥ് ശ്രീകുമാരൻ തമ്പിയുമായി സ്നേഹം പങ്കിടുന്നു. കെ ജയകുമാർ ,മോഹൻ, പ്രേംകുമാർ എന്നിവർ സമീപം

# കഞ്ചാവ് മാഫിയ വീടാക്രമിച്ചു; ഗൃഹനാഥന് പരിക്ക്

**കാട്ടാക്കട**

കണ്ടല സ്റ്റേഡിയത്തിനു സമീപം കഞ്ചാവ് മാഫിയ വീട്ടിൽ അതിക്രമിച്ചുകയറി ഗൃഹനാഥനെ മർദിച്ചു. വീട്ടുപകരണങ്ങൾ നശിപ്പിച്ചു. അൽനൂർ മൻസിലിൽ റഹീമിന്റെ വീടിനുനേരെയാണ് ബുധൻ ഉച്ചയോടെ ആക്രമണം. തലയ്ക്ക് ഗുരുതര പരിക്കേറ്റ റഹീ (49)മിനെ തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു.

വീട്ടുകാർ ഭക്ഷണം കഴിക്കുന്ന സമയം വീട്ടിൽ ആളുണ്ടോ എന്ന് ചോദിച്ചെത്തിയ സംഘം റഹീമിനെ പുറത്തേക്ക് വിളിച്ചിറക്കി ആക്രമിക്കുകയായിരുന്നു. പിടിച്ചുമാറ്റാനെത്തിയ സ്ത്രീകളെയും മർദിച്ചു. തുടർന്ന് വീടിന്റെ ജനലുകളും ഗേറ്റും വാഹനവും തകർത്ത സംഘം അകത്തുകയറിയും അക്രമം നടത്തി. മാറനല്ലൂർ പൊലീസ് സ്ഥലത്ത് പരിശോധന നടത്തി. പ്രതികളെ തിരിച്ചറിഞ്ഞതായാണ് വിവരം.

നിരവധി കേസുകളിൽ പ്രതിയായ കാപ്പ ചുമത്തപ്പെട്ടയാളാണ് അക്രമത്തിന് നേതൃത്വം നൽകിയത്. ഇയാൾ പാർക്കിങ്ങിനെ ചൊല്ലി അഞ്ചുമാസം മുമ്പ് റഹീമിനെ ആക്രമിച്ചിരുന്നു. ഇതിൽ കേസ് കൊടുത്തതിലുള്ള വൈരാഗ്യമാണ് ആക്രമണത്തിന് പിന്നിലെന്ന് റഹീമിന്റെ മകൾ പറഞ്ഞു.

# സെമിനാർ ഇന്ന്



**തിരുവനന്തപുരം**

എൻജിഒ യൂണിയൻ വജ്രജൂബിലി സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന സെമിനാർ വ്യാഴം വൈകിട്ട് 4.30ന് നെടുമങ്ങാട് ടൗൺഹാളിൽ നടക്കും. ‘ജനാധിപത്യത്തിനു മേൽ ഫാസിസം പിടിമുറുക്കുമ്പോൾ’ എന്ന സെമിനാർ ഡിവൈഎഫ്ഐ അഖിലേന്ത്യാ പ്രസിഡന്റ് എ എ റഹീം എംപി ഉദ്ഘാടനം ചെയ്യും. ഡോ. അരുൺകുമാർ മുഖ്യപ്രഭാഷണം നടത്തും. 27 മുതൽ 30 വരെ തിരുവനന്തപുരത്ത് നടക്കുന്ന വജ്രജൂബിലി സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന അനുബന്ധ സെമിനാറുകളിൽ രണ്ടാമത്തേതാണിത്.

## പ്രസാധക മേഖലയിലേക്ക് ടുഡേ ബുക്സ്

**തിരുവനന്തപുരം**

കാട്ടാക്കട ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കൗൺസിലിനു കീഴിൽ ആരംഭിച്ച പുസ്തക പ്രസാധന സംരംഭമായ ടുഡേ ബുക്സ് ഐ ബി സതീഷ് എംഎൽഎ ഉദ്ഘാടനം ചെയ്തു. 11 പുസ്തകവും പ്രകാശിപ്പിച്ചു. കെ എ ബീന അധ്യക്ഷയായി. കെ വി മോഹൻകുമാർ മുഖ്യാതിഥിയായി.

FOREST INDUSTRIES (TRAVANCORE) LTD. ALUVA
Tender No. FIT/CP–05/2023–24
Tender ID No. 2023_ FITL_573513_1
Empanelment of Civil (Consultant & Architects) for preparing DPR
For details please visit e-tenderskerala.gov.in
Sd/– Manager (Personal)

BSc NURSING
(INC, KNC, RUGHS APPROVED
19 വർഷത്തെ സേവന പാരമ്പര്യമുള്ള ബാംഗ്ലൂരിലെ PRAGATHI കോളേജ് ഓഫ് നഴ്സിംഗിൽ അഡ്മിഷൻ നേടാം
കോളേജ് കാണുവാൻ QR കോഡ് സ്കാൻ ചെയ്യുക
താമസം , ഭക്ഷണം ഉൾപ്പടെ പ്രതിവർഷം1 ,50,000/- മാത്രം
Promise EDUCATIONAL SERVICES
FOR SPOT അഡ്മിഷൻ 9747100333 / 9745177728

E-TENDER NOTICE
(ONLY THROUGH ELECTRONIC TENDERING SYSTEM)
CFED/PhD/CP-G&P/JUNE/2023 Dt: 10.05.2023
The Kerala State Co-Operative Consumers' Federation intends to purchase Rice, Pulses, Sugar & Groceries through E-Tender receivable up to 12.30 p.m. on 18.05.2023 and E-negotiation on 22.05.2023 at 2.00 p.m. Tender form and other Terms and Conditions may be downloaded from our website www.consumerfed.net or www.tenderwizard.com/CFED. For further details, please contact in the below address. Only those suppliers who are possessing digital signatures will be permitted to participate in the E-tender.
E-Tender Opening Date & Time : 18.05.2023, 12.30 p.m.
E-Negotiation Opening Date & Time : 22.05.2023, 02.00 p.m.
Note: The Supplier should produce 1 kg sample of each item on or before 18.05.2023, 03.00 p.m. at Consumerfed Head Office. For more details please refer the Terms and Conditions.
(Sd/-)
Managing Director
KERALA STATE CO-OPERATIVE CONSUMERS' FEDERATION LTD.
Ph: 0484-2203507 2203652
Email: cfedhopurchase@gmail.com Web: www.consumerfed.net

WANTED
RELATIONSHIP MANAGERS
Age: 30-50 (M/F), Salary: 360,000 (PA)
Job Role: Insurance Sales, Advisor Recruitment, Training & Development
സെയിൽസ് മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തിപരിചയം നിർബന്ധം
PROFICIENT THE INSURANCE EXPERT MG Road, Thrissur - 680004
0487 299 5988 9633 988 988
Send your CV to hr@theproficient.in